## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4820** **26.06.2019 ൽ** മറുപടിക്ക്

## സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളം പൊതു ആവശ്യത്തിനായി ഏറ്റെടുക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** | |
| എ) | സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളം പൊതു ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കുവാൻ സാധിക്കുമോ; എങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 3(1)ൽ ഒരു പഞ്ചായത്തിന് അതിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ അല്ലാതെയോ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ആർജ്ജിക്കാവുന്നതാണ് എന്നും, ചട്ടം 3(2)ൽ വസ്തു ആർജ്ജിക്കൽ തൽസമയം പ്രാബല്യത്തിലുള്ള ഭൂമി വിലയ്ക്കെടുക്കൽ ആക്ടും അതിനു കീഴിലുള്ള ചട്ടങ്ങളും പ്രകാരമോ അല്ലെങ്കിൽ സ്വകാര്യ വിലയ്ക്കു വാങ്ങൽ മുഖാന്തിരമോ അല്ലെങ്കിൽ സൗജന്യമായി വിട്ടു കൊടുക്കൽ മുഖാന്തിരമോ ആകാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ബി) | ഇപ്രകാരം ഏറ്റെടുക്കുന്ന കുളങ്ങളുടെ നവീകരണത്തിന് ഗ്രാമ പഞ്ചായത്തു കളുടെ ഫണ്ട് ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ? | ബി) | 14.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 22/2018/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായ ത്തിലെ നദി, ജലാശയങ്ങൾ, തോട്, കുളങ്ങൾ എന്നിവ നവീകരിക്കുന്നതിന് 'സുജലം' - സംയുക്ത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ടു കൾ ഏറ്റെടുക്കാവുന്നതാണ്. കൂടാതെ എല്ലാതരം മണ്ണ്, ജലസംരക്ഷണ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിലൂടെയും, തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭ്യമല്ലെങ്കിൽ മാത്രം വികസന ഫണ്ട് ഉപയോഗിച്ചും ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ